എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണം

11 (*161)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കാലാനുസൃതമായും ശാസ്ത്രീയമായും നവീകരിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഇതു നിലനിൽക്കുന്ന തിരക്ക് കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് സ്വകാര്യ വ്യക്തികൾ എംപ്ലോയ്മെന്റ് ബ്യൂറോ എന്ന പേരുകളിൽ സമാന്തര എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രവർത്തിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം നവീകരിക്കുന്നതിന്റെ ആദ്യ പടിയായി തിരുവനന്തപുരത്തെ പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസ് കംപ്യൂട്ടർവൽക്കരിക്കുന്ന ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഏറ്റവും ചുരുങ്ങിയ കാലയളവിൽ എല്ലാ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും 'കംപ്യൂട്ടറൈസ്' ചെയ്യുന്നതാണ്. തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കംപ്യൂട്ടർവൽക്കരണം താമസിയാതെ തുടങ്ങുന്നതാണ്.

(ബി) സംസ്ഥാന പദ്ധതി വിഹിതത്തിലെ തുകയുടെ ലഭ്യതയനുസരിച്ച് നിരക്ക് കുറയ്ക്കുന്നതിനായി 50,000 അധികം രജിസ്ട്രേഷൻ ഉള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ വിഭജിച്ച് പുതിയ ഠൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തുടങ്ങുവാൻ നടപടിയെടുത്തു വരുന്നു.

(സി) ഉണ്ട്.

(ഡി) ഇവ തടയാൻ ഇപ്പോൾ നിയമമില്ല. നോട്ടിഫിക്കേഷൻ മൂലം ഇവ തടയുന്ന കാര്യം പരിശോധിച്ചു വരുന്നു.

വിനോദസഞ്ചാര വികസന പദ്ധതികൾ

12 (* 162)ശ്രീ. എം.എ. തോമസ് :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ നിക്ഷേപകരെ പ്രോൽസാഹിപ്പിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാന വിനോദസഞ്ചാര വികസനത്തിൽ ഏറെ സാധ്യതയുള്ള കായലോര ജലവിനോദസഞ്ചാരം പരമാവധി ഉപയോഗപ്പെടുത്താൻ

LIBRARY ARCHIVES Kerala Legislative Assembly